പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5185 — 28.10.2016 ൽ മറുപടിക്ക്

## ഗതാഗതക്കുരുക്കുകളും അപകടങ്ങളും പരിസ്ഥിതി മലിനീകരണവും കുറയ്ക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | പൊതു ഗതാഗതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വകാര്യ വാഹനങ്ങളുടെ പെരുപ്പം കൊണ്ടുണ്ടാകുന്ന ഗതാഗതക്കുരുക്കുകളും അപകടങ്ങളും പരിസ്ഥിതി മലിനീകരണവും ഗണ്യമായ തോതിൽ കുറയ്ക്കുന്നതിനും എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പൊതു ഗതാഗതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വകാര്യ വാഹനങ്ങളുടെ പെരുപ്പം കൊണ്ടുണ്ടാകുന്ന ഗതാഗതക്കുരുക്കുകളും അപകടങ്ങളും കുറയ്ക്കുന്നതിനുമായി സംസ്ഥാന സർക്കാറും കേരള പോലീസുമായി ചേർന്ന് ശുഭയാത്ര എന്ന പുതിയ പദ്ധതിക്കു രൂപം നൽകിയിട്ടുണ്ട്. പൊതു ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനും സ്വകാര്യ വാഹനങ്ങളുടെ പെരുപ്പം നിയന്ത്രിക്കുന്നതിനുമായി, കെ.എസ്.ആർ.ടി.സി, ജന്റം പദ്ധതിയിൽ ഉൾക്കൊള്ളിച്ച് രണ്ടു ഘട്ടങ്ങളിലായി 720 ബസുകൾക്ക് പർച്ചേസ് ഓർഡർ നല്കുകയും 616 ബസുകൾ നിരത്തിലിറങ്ങുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി യുടെ തൊട്ടിൽപാലം ഡിപ്പോയിൽ 10.09.2016 മുതൽ ബയോ ഡീസൽ ഉപയോഗിച്ചാണ് ബസുകൾ ഓടുന്നത്. കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ ഡിപ്പോകളിൽ ബയോ ഡീസൽ ഉപയോഗിച്ച് ബസുകൾ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വൈദ്യുതി/ബാറ്ററി കൊണ്ടോടുന്ന വാഹനങ്ങൾ, സി. എൻ. ജി. ബസ്സുകൾ തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഗതാഗത മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദാംശം നൽകുമോ? | (ബി) | കെ. എസ്.ആർ.ടി.സി ബസുകളെ കംപ്രസ്സ്ഡ് നാചറൽ ഗ്യാസിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി/ ബാറ്ററി കൊണ്ടോടുന്ന വാഹനങ്ങളുടെ സാധ്യതയും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ